LIBRARY ARCHIVES Kerala Legislative Assembly

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രൊമോഷൻ

142 (4133) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രൊമോഷൻ നടത്തുവാൻ ഡി.പി.സി. ലിസ്റ്റ് നിലവിൽ ഉണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) യഥാസമയം ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷൻ നടക്കാത്തതിനാൽ വകുപ്പിന്റെ കാര്യക്ഷമത ഇല്ലാതായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ നടക്കാത്തതിനുള്ള തടസ്സം എന്താണ്അറിയിക്കുമോ;

(സി) തടസ്സം മാറ്റി പ്രൊമോഷൻ എന്ന് നടത്താനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രൊമോഷൻ നടത്തുന്നതിനുള്ള ഡി.പി.സി. ലിസ്റ്റ് നിലവിൽ ഇല്ല.

(ബി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അഭാവം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനാൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടാൻ കഴിയാത്തതാണ് പ്രൊമോഷൻ നടക്കാത്തതിനുള്ള കാരണം.

(സി) അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അതിനുശേഷം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പെട്രോളിയം ഉല്പന്നങ്ങൾക്ക് വില്പന നികുതി

143 (4134) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോളിയം ഉല്പന്നങ്ങൾക്ക് എത്ര ശതമാനമാണ് വില്പന നികുതിയായി ഒരു ലിറ്ററിന് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?